**KERALA STATE ELECTRICITY REGULATORY COMMISSION**
KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

തീയതി 04.05.2023

## പത്രക്കുറിപ്പ്

# ഇന്ധന സർചാർജ് വർദ്ധനവില്ല

ഇന്ധന സർചാർജ് വർധിപ്പിക്കേണ്ടതില്ലെന്നു കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ യോഗം ചേർന്ന് തീരുമാനിച്ചു. സർചാർജ് വർദ്ധനവ് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടിയാണ് ഈ നടപടി. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള രണ്ടാം പാദത്തിൽ 30 പൈസ നിരക്കിലും ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം പാദത്തിൽ 14 പൈസ നിരക്കിലും സർചാർജ് പിരിച്ചെടുക്കാൻ KSEB കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിരുന്നു. വിശദമായ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ സർചാർജ് ഇനത്തിൽ 285.04 കോടി രൂപ പിരിച്ചെടുക്കുവാനുള്ളതായി കമ്മീഷന് ബോധ്യപ്പെട്ടു. ഇതേസമയം വൈദ്യുതി നൽകുന്നതിൽ വീഴ്ച്ച വരുത്തിയ ഒരു നിലയത്തിൽ നിന്നും 37 കോടി രൂപ KSEB പിഴ ഈടാക്കിയിട്ടുണ്ട്. ഇത് കഴിച്ചുള്ള ബാക്കി തുകയായ 248.04 കോടി രൂപ പിരിച്ചെടുക്കുവാൻ വേണ്ടി ജൂൺ മുതലുള്ള ആറുമാസം 20 പൈസ നിരക്കിൽ സർചാർജ് ഈടാക്കേണ്ടതുണ്ട്. എന്നാൽ താരിഫ് റെഗുലേഷൻ ഒന്നാം ഭേദഗതി 2023 പ്രകാരം കമ്മീഷന്റെ അനുവാദം കൂടാതെ പരമാവധി 10 പൈസ വരെ സർചാർജ് ഈടാക്കാൻ KSEB ക്ക് കമ്മീഷൻ അനുവാദം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർചാർജ് മേൽ തോതിൽ ഈടാക്കുന്നത് ജനങ്ങളിലുണ്ടാക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സർചാർജ് ഇപ്പോൾ വർധിപ്പിക്കേണ്ടതില്ലെന്നും നിലവിലുള്ള 9 പൈസ സർചാർജ് തന്നെ തുടരുന്നതിനും കമ്മീഷൻ KSEB ക്ക് അനുവാദം നൽകി. 2023 ഒക്ടോബർ മാസം KSEB ക്ക് അനുവദിച്ച തുക ഈടാക്കുന്നതിൽ കുറവുണ്ടായാൽ നികത്താൻ പെറ്റീഷനുമായി കമ്മിഷനെ സമീപിക്കാവുന്നതാണ്.

സെക്രട്ടറി